## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*61. 30.10.2019 ൽ മറുപടിയ്ക്ക്

### ലഹരി വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അനിൽ അക്കര<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭയാനകമായ വിധത്തിലും പൊതുസമൂഹത്തിൽ ആശങ്ക ജനിപ്പിക്കുന്ന രീതിയിലും ലഹരി വസ്തുക്കളുടെ ഉപഭോഗം വർദ്ധിച്ച വരുന്നു എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഭയാനകമായ വിധത്തിലും പൊതു സമൂഹത്തിൽ ആശങ്ക ജനിപ്പിക്കുന്ന രീതിയിലും ലഹരി വസ്തുക്കളുടെ ഉപഭോഗം വർദ്ധിച്ചിട്ടില്ല. എന്നാൽ ലഹരി വസ്തുക്കളുടെ ഉപഭോഗം വ്യാപകമാകുന്നതിനുള്ള സാധ്യത ഗൗരവമായി പരിഗണിച്ച് സംസ്ഥാനത്തൊട്ടാകെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടത്തിവരുന്നുണ്ട്. |
| (ബി) | ലഹരി വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | നിയമ വിരുദ്ധ ലഹരി പദാർത്ഥങ്ങളുടെ വിപണനവും, ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കൂടാതെ ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബൃഹത്തായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംസ്ഥാന ലഹരി വർജ്ജനമിഷൻ 'വിമുക്തി'യുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇക്കാര്യത്തിനായി കോടിക്കണക്കിന് രൂപ വിനിയോഗിച്ചിട്ടും യുവതലമുറയ്ക്ക് ലഹരിയോടുള്ള ആഭിമുഖ്യം വർദ്ധിക്കുന്നത് എന്തുകൊണ്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) | വരുംതലമുറയിൽ പ്രത്യേകിച്ച് യുവാക്കളിൽ ലഹരിയോടുള്ള ആഭിമുഖ്യം കുറച്ചുകൊണ്ടുവരുന്നതിന് തികച്ചും ഫലപ്രദമായ പ്രതിരോധ മാർഗ്ഗങ്ങളും, ബോധവൽക്കരണ പ്രവർത്തനങ്ങളും 'വിമുക്തി' പദ്ധതിയുടെ കീഴിൽ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | ആദിവാസി ഗോത്രമേഖലയിൽ ലഹരി ഉപയോഗം തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അത് ഫലപ്രദമാണോയെന്നും വ്യക്തമാക്കുമോ; | (ഡി) യും (ഇ) യും | ആദിവാസി ഗോത്ര വർഗ്ഗ മേഖലയിലും ജീവിതത്തിന്റെ മറ്റെല്ലാ തുറകളിലും ലഹരി ഉപയോഗം തടയുന്നതിനും വരുംതലമുറയെ ലഹരിയുടെ പിടിയിൽ നിന്ന് മോചിപ്പിക്കുന്നതിനും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം ബോധവൽക്കരണ പ്രവർത്തനങ്ങളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ആദിവാസി-ഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കുവാൻ സാധിക്കുന്ന തരത്തിൽ തൃശ്ശൂർ എക്സൈസ് അക്കാദമിയിൽ പരിശീലനം നൽകിയിട്ടുണ്ട്. ഈ പരിശീലന പരിപാടി തുടർന്നും നടത്താൻ ഉദ്ദേശിക്കുന്നു. ഈ ജനവിഭാഗങ്ങൾക്ക് ഭാഷാപരവും ജീവിതക്രമപരവുമായ പ്രത്യേകതകൾ പരിഗണിച്ച് അവരുടെ ഗോത്രഭാഷയിലും ശൈലിയിലും സംവദിക്കുന്നതിനും അവരുടെ ജീവിത ശൈലി പ്രശ്നങ്ങളും പ്രത്യേകതകളും മനസ്സിലാക്കി അവരിലേയ്ക്ക് ലഹരി വിരുദ്ധ സന്ദേശങ്ങൾ എത്തിക്കുവാനും ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിശീലനം ലഭിച്ച |
| (ഇ) | എല്ലാ വീടുകളും ലഹരി വിമുക്തമാക്കുന്നതിനും വരും തലമുറയെ ലഹരിയുടെ പിടിയിൽ നിന്നും മോചിപ്പിക്കുന്നതിനും ശക്തമായ നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | യുവാക്കളുടെ സേവനം ഏറെ പ്രയോജനം ചെയ്യുന്നുണ്ട്.<br>നിരവധി ആദിവാസി കോളനികളിൽ വിവിധ കലാലയങ്ങളിലെ എൻ.എസ്.എസ്., എൻ.സി.സി വിദ്യാർത്ഥികളുടെ സഹകരണത്തോടെ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. ഈ മേഖലകളിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഗണിച്ച് ആദിവാസി-ഗോത്ര വർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്കും യുവാക്കൾക്കുമായി ടി മേഖലകൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. കായിക വിഷയങ്ങളിലും വായനാശീലവും ഇവരിൽ വളർത്തിയെടുക്കുവാനായി പ്രത്യേക നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള നടപടികൾ ലഹരിയോടുള്ള ആഭിമുഖ്യം ഇക്കൂട്ടരിൽ കുറയ്ക്കുന്നതിന് സഹായകരമായിട്ടുണ്ട്. ലഹരി മുക്ത ഗ്രാമം എന്ന പദ്ധതി പ്രകാരം ആദിവാസി ഊരുകളും ഗ്രാമങ്ങളും ദത്തെടുത്ത് ടി ജനവിഭാഗത്തിന്റെ ദൈനംദിന പ്രശ്നങ്ങളിലടക്കം ഇടപെട്ട് പ്രശ്നപരിഹാരങ്ങൾ കാണുന്നതിനും ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും ജനമൈത്രി സ്ക്വാഡുകൾ സജീവ പ്രവർത്തനം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ